# കേരള സർവകലാശാല

നം. പി.ആർ.158/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## സിൻഡിക്കേറ്റ് വാർത്തകൾ

### പി.എച്ച്.ഡി നൽകും

കേരള സർവകലാശാല അരുൺ എസ്. ശശി, സുധീഷ് സാം എസ്.വി, മുനീർ എസ് (മലയാളം), ദാവൂദ് യൂസഫ്വാൻഡ്, ശരുൺ എസ്.ജി, വിനോദ് ജി, അജിതറാണി ഉണ്ണികൃഷ്ണൻ (കൊമേഴ്സ്), ഇളയരാജ എൻ, അംബിക സി (തമിഴ്), ജോൺ സ്കറിയ, രാജ്മോഹൻ എം.എസ്, ബ്രിന്ദ വി നായർ, പത്മിനി ശശികുമാർ (ഇംഗ്ലീഷ്), ജോയി വർഗ്ഗീസ് വി.എം (മെക്കാനിക്കൽ എൻജിനീയറിംഗ്), മജീദ് ദ മർദ്ദേ ഗലേ, മീര ബേബി ആർ (ലിംഗ്വിസ്റ്റിക്സ്), ഡോ. പത്മകുമാർ ബി (മെഡിസിൻ), സതീഷ് കുമാർ. പി.കെ (പൊളിറ്റിക്കൽ സയൻസ്), അനശ്വര കൃഷ്ണൻ എസ്, പ്രജീന കെ.പി, ജയശ്രീ എസ് (സുവോളജി), അനിത എസ്.നായർ, മനീഷ്യ എൽ.വി (ഫിസിക്സ്), അനുശ്രീ എസ്.എസ് (ബയോകെമിസ്ട്രി), ബീന പി.ആർ (സിവിൽ എൻജിനീയറിംഗ്), ദിവ്യ എസ്, രമ്യ ജി.എസ് നായർ (ഹിന്ദി), ജിജ ഡി, സോന പി.എസ്, ബിന്ദു ബി (നഴ്സിംഗ്), രേഷ്മ തങ്കച്ചി ആർ.പി (ബയോടെക്നോളജി), രശ്മി എ.ജി (മാനേജ്മെന്റ് സ്റ്റഡീസ്), ഷിനി ഡൊമനിക് (ഫാർമസ്യൂട്ടിക്കൽ സയൻസസ്), വിപിൻ ചന്ദ്രലാൽ എൻ (സൈക്കോളജി), ഗായത്രി ഒ (പൊളിറ്റിക്കൽ സയൻസ്), ഗീത പി, ദിവ്യ പി.എൽ, ഷീല എസ് ഫെർണാണ്ടസ് (കെമിസ്ട്രി), വിനോദ് എം, അഭിലാഷ് കുമാർ ആർ.ജി (ഒപ്റ്റോ ഇലക്ട്രോണിക്സ്) എന്നിവർക്ക് പി.എച്ച്.ഡി നൽകാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

### പി.ജി ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും കേന്ദ്രങ്ങളിലും 2016-17 അധ്യയനവർഷത്തെ പി.ജി പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾ അവരുടെ ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ട്രയൽ അലോട്ട്മെന്റ് (www.admissions.keralauniversity.ac.in) പരിശോധിക്കാം. അപേക്ഷയിൽ എന്തെങ്കിലും തിരുത്തലുകളുണ്ടെങ്കിൽ എഡിറ്റ് ഓപ്ഷൻ ഉപയോഗിച്ച് തിരുത്താം. തിരുത്തലുകൾ വരുത്തിക്കഴിഞ്ഞാൽ പുതിയ പ്രിന്റൗട്ട് എടുത്ത് തുടർന്നുള്ള ആവശ്യങ്ങൾക്കായി സൂക്ഷിക്കണം.

### എം.കോം പരീക്ഷാകേന്ദ്രം

കേരള സർവകലാശാല ആഗസ്റ്റ് 29-ന് നടത്തുന്ന രണ്ടാം സെമസ്റ്റർ എം.കോം പരീക്ഷയ്ക്ക് കൊല്ലം എസ്.എൻ കോളേജ് പരീക്ഷാകേന്ദ്രമായി രജിസ്റ്റർ ചെയ്തവർ കൊല്ലം എസ്.എൻ വനിത കോളേജിൽ ഹാജരായി പരീക്ഷയെഴുതണം.

### സീറ്റൊഴിവ്

കേരള സർവകലാശാല ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് പഠനവകുപ്പിൽ (2016-18 ബാച്ച്) എം.എൽ.ഐ.എസ്സി കോഴ്സിന് എസ്.സി/ എസ്.ടി വിഭാഗങ്ങളിൽ ഒരോ സീറ്റ് വീതം ഒഴിവുണ്ട്. താൽപര്യമുള്ളവർ

യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ആഗസ്റ്റ് 29 വൈകുന്നേരം മൂന്ന് മണിക്കകം വകുപ്പിൽ ഹാജരാകണം.

കാര്യവട്ടം ഫ്യൂച്ചേഴ്സ് സ്റ്റഡീസ് പഠനവകുപ്പിൽ എം.ടെക് (ടെക്നോളജി മാനേജ്മെന്റ് - 2016-17) എസ്.സി/എസ്.ടി (മൂന്ന്) മുസ്ലീം (ഒന്ന്) സ്പോൺസേഡ് (രണ്ട്) വിഭാഗങ്ങളിൽ സീറ്റൊഴിവുണ്ട്. യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബി.ടെക് 55%. താൽപര്യമുള്ളവർ എല്ലാ അസ്സൽ രേഖകൾ സഹിതം ആഗസ്റ്റ് 30 രാവിലെ 10.30-ന് പഠനവകുപ്പിൽ ഹാജരാകണം. ഫോൺ. 0471-2305321, 9446403562.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ പി.ജി ഇംഗ്ലീഷ് (സി.എസ്.എസ്) കോഴ്സിന് എസ്.ടി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. താൽപര്യമുള്ളവർ ആഗസ്റ്റ് 29 രാവിലെ 10.30 ന് പാളയം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം. ഫോൺ. 0471-2386325.

കാര്യവട്ടം കമ്പ്യൂട്ടർ സയൻസ് പഠനവകുപ്പിൽ എ.ഐ.സി.ടി.ഇ അംഗീകൃത എം.ടെക് കമ്പ്യൂട്ടർ സയൻസ് കോഴ്സിന് എസ്.സി/എസ്.ടി, മറ്റ് പിന്നാക്ക വിഭാഗം (ഹിന്ദു), സ്പോൺസേഡ് എന്നീ വിഭാഗങ്ങളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 30 രാവിലെ 11 മണിക്ക് വകുപ്പിൽ ഹാജരാകണം.

## എം.എ അറബിക് (സി.എസ്.എസ് - 2014-16) വൈവ

കേരള സർവകലാശാല കാര്യവട്ടം അറബിക് പഠനവകുപ്പിലെ എം.എ അറബിക് (സി.എസ്.എസ് - 2014-16) വൈവ ആഗസ്റ്റ് 27 രാവിലെ 10 മണിക്ക് വകുപ്പിൽ നടത്തും.

## ബി.എസ്സി ടൈംടേബിൾ

കേരള സർവകലാശാല ജൂൺ/ജൂലൈയിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് നാലാം സെമസ്റ്റർ ബി.എസ്സി എൻവയോൺമെന്റൽ സയൻസ് ആൻഡ് എൻവയോൺമെന്റ് ആൻഡ് വാട്ടർ മാനേജ്മെന്റ് (216) പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ രണ്ട്, അഞ്ച് തീയതികളിലും രണ്ടാം സെമസ്റ്റർ പരീക്ഷകൾ സെപ്റ്റംബർ ആറ്, ഏഴ് തീയതികളിലും ചേർത്തല എൻ.എസ്.എസ് കോളേജിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി മൂല്യനിർണ്ണയം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ പി.ജി പരീക്ഷകളുടെ മൂല്യനിർണ്ണയം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, കൊല്ലം തേവള്ളി കെ.യു.സി.ടി.ഇ, ആലപ്പുഴ എസ്.ഡി കോളേജ്, പന്തളം ഡി.ഒ.ഐ.സി എന്നിവിടങ്ങളിലെ മൂല്യനിർണ്ണയ കേന്ദ്രങ്ങളിൽ ആഗസ്റ്റ് 30 (എം.എ, എം.കോം), സെപ്റ്റംബർ അഞ്ച് (എം.എസ്സി) തീയതികളിൽ തുടങ്ങും. മൂല്യനിർണ്ണയത്തിന് നിയോഗിക്കപ്പെട്ട അദ്ധ്യാപകർ അതത് കേന്ദ്രങ്ങളിൽ ഹാജരാകണം.

## എൽ.എൽ.ബി ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ എൽ.എൽ.ബി (പഞ്ചവത്സരം) പരീക്ഷാഫലം വെബ്സൈറ്റിൽ

(www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ ആറ് വരെ അപേക്ഷിക്കാം.

## എം.എ ഹിന്ദി (2014-16 സി.എസ്.എസ്) ഫലം : നവമി ഭദ്രൻ ഒന്നാം റാങ്ക് നേടി.

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ എം.എ ഹിന്ദി (2014-16 സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. നവമി ഭദ്രൻ (രജി.നം 140504) ഒന്നാം റാങ്ക് നേടി.

## ക്വിസ്

കേരള സർവകലാശാല കാര്യവട്ടം കെമിസ്ട്രി പഠനവകുപ്പിൽ അലുമ്നി അസോസിയേഷന്റെയും അസോസിയേഷൻ ഓഫ് കെമിസ്ട്രി ടീച്ചേഴ്സിന്റെയും ആഭിമുഖ്യത്തിൽ ബി.എസ്സി/ എം.എസ്സി കെമിസ്ട്രി വിദ്യാർത്ഥികൾക്കായി ആഗസ്റ്റ് 29-ന് ക്വിസ് നടത്തുന്നു. ഫോൺ. 9447102047, 8547147460, 9846227027.

## സമ്പർക്കക്ലാസ്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ എല്ലാ കേന്ദ്രങ്ങളിലേയും എം.എസ്സി, ബി.എ, ബി.കോം, ബി.എസ്സി സമ്പർക്കക്ലാസുകൾ ആഗസ്റ്റ് 27-ന് അവധിയായിരിക്കും. ആഗസ്റ്റ് 28-ലെ ക്ലാസുകൾക്ക് മാറ്റമില്ല.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
26.08.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098